# കേരളാ ലോകായുക്ത

## പ്രസ് റിലീസ്

1. കുറെ ദിവസങ്ങളായി കേരളാ ലോകായുക്തയിലെ ജഡ്ജിമാരെക്കുറിച്ച് വാസ്തവമല്ലാത്തതും തെറ്റിദ്ധാരണാജനകവുമായ വാർത്തകൾ ചില മാദ്ധ്യമങ്ങളിൽ ആവർത്തിച്ചു പ്രസിദ്ധപ്പെടുത്തികാണുന്നു. സത്യം അറിയാവുന്നവർ പോലും അത് ചൂണ്ടിക്കാണിക്കാനുള്ള ആർജ്ജവം കാണിക്കാത്തതു കൊണ്ടാണ് ഈ കുറിപ്പ്. സത്യം അറിയാനുള്ള പൗരന്റെ അവകാശവും, സത്യം അറിയിക്കാനുള്ള മാദ്ധ്യമങ്ങളുടെ കടമയും മാദ്ധ്യമ സ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്നു വിശ്വസിക്കുന്ന മാദ്ധ്യമങ്ങളെങ്കിലും ഈ കുറിപ്പ് പ്രസിദ്ധീകരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

2. ലോകായുക്തയുടെ പരിഗണനയിലുള്ള വിവാദമായ ഒരു കേസിലെ ആരോപണം മുഖ്യമന്ത്രിയും സഹമന്ത്രിമാരും ഉൾപ്പെടുന്ന മന്ത്രിസഭ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ  നിന്ന് അർഹതയില്ലാത്തവർക്ക് ക്രമരഹിതമായി ധനസഹായം അനുവദിച്ചു എന്നാണ്. മുഖ്യമന്ത്രിയോ സഹമന്ത്രിമാരോ ദുരിതാശ്വാസനിധിയിൽ നിന്നു പണം അപഹരിച്ചു സ്വന്തമാക്കിയെന്നല്ല.

3. ശ്രീ. R.S ശശികുമാർ ഫയൽ ചെയ്ത പ്രസ്തുത പരാതിയിൽ സ്വാഭാവികമായും രണ്ടു ചോദ്യങ്ങൾ ഉയർന്നു. :

(i) ആരോപണങ്ങളുടെ അടിസ്ഥാനം മന്ത്രിസഭാതീരുമാങ്ങളാകയാൽ, മന്ത്രിസഭാതീരുമാനങ്ങൾ ലോകായുക്താ നിയമമനുസരിച്ചുള്ള അന്വേഷണത്തിന്റെ പരിധിയിൽ വരുമോ?

(ii) പരാതിക്കാരൻ ആരോപിക്കുന്നതുപോലെ പ്രസ്തുത മന്ത്രിസഭാതീരുമാനങ്ങൾ വഴി, അർഹതയില്ലാത്തവർക്ക് ക്രമരഹിതമായി ധനസഹായം അനുവദിച്ചോ?

പരാതി ആദ്യം പരിഗണിച്ച ലോകായുക്ത ജസ്റ്റീസ് പയസ് കുര്യാക്കോസും ഉപലോകായുക്ത ജസ്റ്റീസ് A.K ബഷീറും തമ്മിൽ പരാതി അഡ്മിറ്റ് ചെയ്ത് എതിർ കക്ഷികൾക്ക് നോട്ടീസ് അയക്കുന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടായി. ലോകായുക്തയും ഉപലോകായുക്തയും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായാൽ, ലോകായുക്തയും രണ്ടു ഉപലോകായുക്തമാരും അടങ്ങുന്ന മൂന്നംഗ ബഞ്ച് പരാതിയിൽ അന്വേഷണം നടത്തണമെന്ന് കേരളാ ലോകായുക്താനിയമത്തിന്റെ 7(1) വകുപ്പ് അനുശാസിക്കുന്നതുകൊണ്ട്, പരാതി അഡ്മിറ്റ് ചെയ്യണമോ എന്ന് മൂന്നംഗ ബഞ്ച് പരിശോധിച്ചു. ലോകയുക്ത ജസ്റ്റീസ് പയസ് കുര്യാക്കോസും ഉപലോകായുക്ത ജസ്റ്റീസ് K.P ബാലചന്ദ്രനും പരാതി അഡ്മിറ്റ് ചെയ്ത് അന്വേഷണം നടത്തണമെന്ന്

അഭിപ്രായപ്പെട്ടപ്പോൾ, ഉപലോകായുക്ത ജസ്റ്റീസ് A.K ബഷീർ പരാതി അഡ്മിറ്റ് ചെയ്യാതെ തള്ളിക്കളയണമെന്ന് അഭിപ്രായപ്പെട്ടു. ലോകായുക്തനിയമത്തിന്റെ 7(1) വകുപ്പിൽ അനുശാസിക്കുന്ന പ്രകാരം, ഭൂരിപക്ഷാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരാതി അഡ്മിറ്റ് ചെയ്ത് എതിർകക്ഷികളായ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും നോട്ടീസ് അയച്ചു. ജസ്റ്റീസ് പയസ് കുര്യാക്കോസും ജസ്റ്റീസ് ബഷീറും വിരമിച്ചതിനെ തുടർന്ന് ലോകയുക്ത ജസ്റ്റീസ് സിറിയക് ജോസഫും ഉപലോകായുക്ത ജസ്റ്റീസ് ഹാറൂൺ അൽ റഷീദും അടങ്ങുന്ന രണ്ടംഗ ബഞ്ച് പരാതിയിൽ അന്വേഷണം തുടർന്നു. ലോകായുക്തയിൽ നിന്നും നോട്ടീസ് കിട്ടി ഹാജരായ എതിർ കക്ഷികൾ ആരോപണ വിധേയമായ അവരുടെ നടപടി മന്ത്രിസഭാതീരുമാനങ്ങളാകയാൽ ലോകായുക്തനിയമനനുസരിച്ചുള്ള അന്വേഷണത്തിന് അവ വിധേയമല്ലെന്നും, ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നും

വാദിച്ചു. ഈ രണ്ടു കാര്യങ്ങളിലും ലോകായുക്തക്കും ഉപലോകായുക്തക്കും ഭിന്നാഭിപ്രായം ഉണ്ടായതിനാൽ, ലോകയുക്താ നിയമം 7(1) വകുപ്പ് അനുശാസിക്കും പ്രകാരം പരാതി ലോകായുക്തയും രണ്ടു ഉപലോകായുക്തമാരും അടങ്ങുന്ന മൂന്നംഗ ബഞ്ചിന്റെ അന്വേഷണത്തിനു വിട്ടുകൊണ്ട് 31 -3 -2023 -ൽ രണ്ടംഗ ബഞ്ച് ഉത്തരവിട്ടു. പ്രസ്തുത ഉത്തരവ് പുനർപരിശോധിച്ച്, ഉത്തരവ് റദ്ദാക്കണമെന്നാവശ്യപ്പെട്ടു പരാതിക്കാരൻ 10 -4 -2023 -ൽ ഒരു അപേക്ഷ ഫയൽ ചെയ്തു. ആ അപേക്ഷ 12 -4 -2023 -ൽ രണ്ടംഗ ബഞ്ച് പരിഗണിക്കുകയും പരാതിക്കാരന്റെ വക്കീലിന്റെ വാദങ്ങൾ കൂടി കേട്ട ശേഷം അന്നു തന്നെ അപേക്ഷ തള്ളിക്കളയുകയും ശശികുമാറിന്റെ പരാതി അന്വേഷണത്തിനായി മൂന്നംഗ ബഞ്ചിന്റെ മുമ്പിൽ വരികയും ചെയ്തു. പരാതിക്കാരന്റെ വക്കീലിന്റെ ആവശ്യപ്രകാരം കേസ് ജൂൺ 5 -ലേക്ക് മാറ്റുകയും ചെയ്തു.

4. രണ്ടംഗ ബഞ്ചിന്റെ 12 -4 -2023 -ലെ വിശദമായ ഉത്തരവിൽ, 31 -3 -2023 -ലെ ഉത്തരവ് റദ്ദാക്കാനുള്ള അപേക്ഷ നിലനിൽക്കുന്നതല്ലായെന്നും, പ്രസ്തുത ഉത്തരവ് റദ്ദാക്കാൻ നിയമപരമായ ഒരു കാരണവുമില്ലെന്നും വിശദീകരിച്ചിട്ടുണ്ട്. Kerala Lok Ayukta (Powers of Civil Court ) Rules 1999 -ലെ Rule 3(1)(f) പ്രകാരം പരാതിക്കാരൻ ഫയൽ ചെയ്ത അപേക്ഷ, ആ rule പ്രകാരം നിലനിൽക്കുകയില്ലെന്ന് പരാതിക്കാരന്റെ വക്കീൽ തന്നെ വാദമദ്ധ്യേ അംഗീകരിച്ചതാണ്. പുനർപരിശോധന ആവശ്യപ്പെടാൻ ഉന്നയിച്ച കാരണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് രണ്ടംഗ ബഞ്ചിന്റെ 12 -4 -2023 -ലെ ഓർഡറിൽ വിശദീകരിച്ചിട്ടുണ്ട്.

5. രണ്ടംഗ ബഞ്ചിന്റെ ഓർഡറിലെ പ്രധാന കണ്ടെത്തലുകൾ താഴെ ചേർക്കുന്നു. :

(a) ലോകായുക്തയും ഉപലോകായുക്തയും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ കേസ് മൂന്നംഗ ബഞ്ച് ഒരുമിച്ച് പരിഗണിക്കണമെന്ന് ലോകയുക്താ നിയമത്തിന്റെ 7(1) വകുപ്പ് അനുശാസിക്കുന്നതുകൊണ്ടു കേസ് മൂന്നംഗ ബഞ്ചിനുവിട്ടത് നിയമാനുസൃതമായിരുന്നു.

(b) രണ്ടംഗ ബഞ്ചിലെ ജഡ്ജിമാർ പ്രത്യേകം വിധിന്യായങ്ങൾ എഴുതിയില്ലെന്ന ആക്ഷേപത്തിൽ കഴമ്പില്ല. കേസ് മൂന്നംഗ ബഞ്ചിനു വിടുമ്പോൾ പ്രത്യേകം വിധിന്യായങ്ങൾ എഴുതണമെന്നോ, രണ്ടുപേരുടെയും നിലപാടുകൾ എന്താണെന്നു വ്യക്തമാക്കണമെന്നോ, പ്രസ്തുതനിലപാടിന്റെ സാധൂകരണം എന്താണെന്ന് വിശദീകരിക്കണമെന്നോ നിയമം ആവശ്യപ്പെടുന്നില്ല. വ്യക്തമാക്കപ്പെട്ട ഏതെങ്കിലും വിഷയത്തിൽ തങ്ങൾക്കു ഭിന്നാഭിപ്രായമുണ്ടെന്നു രേഖപ്പെടുത്തിയാൽ മതി. ഈ കേസിൽ തന്നെ ജസ്റ്റീസ് പയസ് കുര്യാക്കോസും ജസ്റ്റീസ് A.K ബഷീറും അടങ്ങുന്ന രണ്ടംഗ ബഞ്ച് 1 -11 -2018 -ൽ കേസ് മൂന്നംഗ ബഞ്ചിനു വിട്ടപ്പോഴും പ്രത്യേകം വിധിന്യായങ്ങൾ എഴുതിയിരുന്നില്ല; തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കിയിരുന്നില്ല; ആ നിലപാടുകൾക്കുള്ള സാധൂകരണം വിശദീകരിച്ചിരുന്നുമില്ല. അതിലൊന്നും പരാതിക്കാരനു പരാതിയുമില്ലായിരുന്നു.

(c) മന്ത്രിസഭാ തീരുമാനം ലോകായുക്തയുടെ അന്വേഷണപരിധിയിൽ വരികയില്ല എന്നുള്ള എതിർ കക്ഷികളുടെ വാദം വീണ്ടും പരിഗണിക്കരുതെന്നും, മൂന്നംഗ ബഞ്ചിന്റെ ഭൂരിപക്ഷാഭിപ്രായം, അന്വേഷണം നടത്തുന്ന രണ്ടംഗ ബഞ്ചും അംഗീകരിക്കണമെന്നും പരാതിക്കാരൻ വാദിക്കുന്നത് യുക്തിരഹിതവും അസംബന്ധവുമാണ്. മൂന്നംഗ ബഞ്ചിന്റെ നേരത്തെയുള്ള അഭിപ്രായം പ്രാഥമിക നിഗമനം (Prima facie ) മാത്രമായിരുന്നു. എതിർ കക്ഷികൾക്കു നോട്ടീസ് അയക്കാതെയും അവരെ കേൾക്കാതെയും രൂപീകരിച്ച അഭിപ്രായം. നോട്ടീസ് കൈപറ്റി ഹാജരാകുന്ന എതിർ കക്ഷികൾ ഉന്നയിക്കുന്ന എല്ലാ വാദങ്ങളും പരിഗണിക്കാൻ അന്വേഷണം നടത്തുന്ന രണ്ടംഗ ബഞ്ച് ബാധ്യസ്ഥമാണ്. അഡ്മിഷൻ സമയത്ത് പരാതി അഡ്മിറ്റ് ചെയ്യാൻ വേണ്ടി ജഡ്ജിമാർ

പ്രകടിപ്പിച്ച അഭിപ്രായങ്ങൾ, എതിർ കക്ഷികളെയോ, അന്വേഷണം നടത്തുന്ന ജഡ്ജിമാരെയോ ബന്ധിക്കുകയില്ല.

(d) Maintainability question മൂന്നംഗ ബഞ്ചിനു വിട്ടു എന്നുള്ള പരാതിക്കാരന്റെ ആക്ഷേപം തന്നെ ശരിയല്ല. രണ്ടംഗ ബഞ്ചിന്റെ ഓർഡറിൽ maintainability എന്ന വാക്കുപോലും ഇല്ല.

6. രണ്ടംഗ ബഞ്ചിന്റെ 12 -4 -2023 -ലെ ഓർഡറിൽ, 31 -3 -2023 -ലെ ഓർഡറിന്റെ നിയമസാധുത വ്യക്തമായി വിശദീകരിച്ചിട്ടും, നിയമപരമായ ചോദ്യങ്ങൾക്കുത്തരം പറയാൻ കഴിയാതെ, അടിസ്ഥാനമില്ലാത്തതും പ്രസക്തമല്ലാത്തതുമായ ഇതര വിഷയങ്ങൾ ഉയർത്തി നിയമപ്രശ്നങ്ങളിൽ നിന്നു ശ്രദ്ധതിരിച്ചു പുകമറ സൃഷ്ടിക്കാനുള്ള ബോധപൂർവമായ ശ്രമമാണ് പരാതിക്കാരൻ നടത്തുന്നത്. ലോകായുക്തയുടെ ഓർഡർ നിയമപരമായി തെറ്റാണെങ്കിൽ അതിനെ കോടതിയിൽ ചോദ്യം ചെയ്യുന്നതിനുപകരം ലോകായുക്തയിലെ ജഡ്ജിമാരെ പൊതുജന മദ്ധ്യത്തിൽ അധിക്ഷേപിക്കുന്ന പരാതിക്കാരന്റെയും ചില രാഷ്ട്രീയനേതാക്കളുടെയും അതിനു പ്രചാരണം നൽകുന്ന ചില മാദ്ധ്യമങ്ങളുടെയും നടപടി പ്രതിഷേധാർഹമാണ്.

7. ലോകായുക്തയും ഉപലോകായുക്തയും മുഖ്യമന്ത്രിയുടെ ഇഫ്താർ വിരുന്നിൽ പങ്കെടുത്തതാണ് അതിലൊരുവിഷയം. ആ വിഷയത്തിൽ അവർ സൗകര്യപൂർവം മറച്ചുവെക്കുന്ന ചില വസ്തുതകളുണ്ട്. :

(a) ലോകായുക്തയും ഉപലോകായുക്തയും പങ്കെടുത്തത് ശ്രീ. പിണറായി വിജയൻ നടത്തിയ സ്വകാര്യ ഇഫ്താർ വിരുന്നിലല്ല. കേരളത്തിന്റെ മുഖ്യമന്ത്രി ആതിഥ്യം നൽകിയ ഔദ്യോഗിക ഇഫ്താർ വിരുന്നിലാണ്.

(b) തലസ്ഥാനത്തെ ഔദ്യോഗിക രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖരോടൊപ്പം വിശിഷ്ടാതിഥികളായി ക്ഷണം ലഭിച്ചതുകൊണ്ടാണ് അവർ പങ്കെടുത്തത്.

(c) ലോകായുക്തക്കും ഉപലോകായുക്തക്കും ഒപ്പം സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ, കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ, പിന്നോക്ക വിഭാഗ കമ്മീഷൻ ചെയർമാൻ എന്നീ മുൻ ജഡ്ജിമാരും മുഖ്യമന്ത്രിയുടെ ഇഫ്താർ വിരുന്നിൽ പങ്കെടുത്തിരുന്നു. ലോകായുക്തയും ഉപലോകായുക്തയുമല്ലാതെ വേറെ ജഡ്ജിമാർ ആരും പങ്കെടുത്തില്ല എന്നത് ദുരുദ്ദേശപരമായ ദുഷ്പ്രചാരണമാണ്. മുഖ്യമന്ത്രിയും ലോകായുക്തയും സ്വകാര്യസംഭാഷണം നടത്തിയെന്ന പ്രസ്താവനയും പച്ചക്കള്ളമാണ്.

(d) ഡൽഹിയിൽ പ്രസിഡണ്ട്, പ്രധാനമന്ത്രി, നിയമമന്ത്രി, അറ്റോർണി ജനറൽ തുടങ്ങിയവരും സംസ്ഥാനത്ത് ഗവർണർ, മുഖ്യമന്ത്രി തുടങ്ങിയവരും വിശേഷാവസരങ്ങളിൽ നടത്തുന്ന ഔദ്യോഗിക വിരുന്നു സൽക്കാരങ്ങളിൽ സുപ്രീം കോടതിയിലെയും ഹൈക്കോടതികളിലെയും ജഡ്ജിമാർ പങ്കെടുക്കുന്ന പതിവുണ്ട്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കക്ഷികളായിട്ടുള്ള കേസുകൾ കോടതികളിൽ ഉണ്ടെന്നത് അതിനു തടസ്സമായി ആരും കരുതിയിട്ടില്ല. ഒരു ഔദ്യോഗിക വിരുന്നിൽ പങ്കെടുത്താൽ സർക്കാരിനു അനുകൂലമായി വിധി എഴുതുന്നവരാണ് ജഡ്ജിമാർ എന്ന ചിന്ത അധമവും സംസ്കാര രഹിതവുമാണ്.

(e) മുഖ്യമന്ത്രിയുടെ ഇഫ്താർ വിരുന്നിൽ പങ്കെടുത്ത ലോകായുക്തയും ഉപലോകായുക്തയും ജഡ്ജിമാരുടെ പെരുമാറ്റച്ചട്ടങ്ങൾ ലംഘിച്ചു എന്ന ആരോപണം അടിസ്ഥാന രഹിതമാണ്. 1997 മെയ് 7 -ന് സുപ്രീം കോടതി ജഡ്ജിമാരുടെ യോഗം അംഗീകരിച്ച "Restatement of Values of Judicial Life" ജഡ്ജിമാർക്കുവേണ്ടിയുള്ളതാണ്; മുൻജഡ്ജിമാർക്കുവേണ്ടിയുള്ളതല്ല. മാത്രവുമല്ല, അതിലെ പത്താം ഖണ്ഡികയിൽ പറയുന്നത് "a

judge shall not accept gifts or hospitality except from his family, close relations and friends" എന്നാണ്. പ്രസ്തുത hospitality യിൽ അഥവാ 'ആതിഥ്യ'ത്തിൽ ഗവർണറുടെയും മുഖ്യമന്ത്രിയുടെയും ഔദ്യോഗിക വിരുന്നു സൽക്കാരം ഉൾപ്പെടുകയില്ലെന്നു സാമാന്യബോധമുള്ളവർക്കെല്ലാം അറിയാം. അഭിഭാഷകർ, ബിസിനസ്സുകാർ, ഇടനിലക്കാർ, തുടങ്ങിയ സ്വകാര്യ വ്യക്തികളുടെയും, കമ്പനികളുടെയും, വിദേശസർക്കാരുകളുടെയും ഏജൻസികളുടെയും ആതിഥ്യം ജഡ്ജിമാർ സ്വീകരിക്കരുത് എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

8. ലോകായുക്ത പരാതിക്കാരനെ 'പേപ്പട്ടി' യെന്നു വിളിച്ചു എന്നാണു മറ്റൊരു കുപ്രചരണം. കോടതിയിൽ കേസ് നടക്കുമ്പോൾ, പരാതിക്കാരനും കൂട്ടാളികളും സമൂഹ മാദ്ധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ ജഡ്ജിമാരെ വ്യക്തിപരമായി അവഹേളിക്കുന്നതിലെ അനൗചിത്യം ലോകായുക്ത ചൂണ്ടികാട്ടിയെന്നതു സത്യമാണ്. എങ്കിലും അതിനൊക്കെ മറുപടി പറയാത്തത് ജഡ്ജിമാരുടെ വിവേകം കൊണ്ടാണെന്നും പറഞ്ഞു. വിവേകപൂർവ്വമായ പ്രതികരണത്തിനു ഒരു ഉദാഹരണവും പറഞ്ഞു. വഴിയിൽ പേപ്പട്ടി നിൽക്കുന്നതു കണ്ടാൽ അതിന്റെ വായിൽ കോലിടാൻ നില്ക്കാതെ ഒഴിഞ്ഞുമാറിപ്പോകുന്നതാണു വിവേകമെന്നു ലോകായുക്ത ചൂണ്ടിക്കാട്ടി. ആശയം വിശദമാക്കാൻ ഒരു ഉദാഹരണം പറഞ്ഞാൽ പരാതിക്കാരനെ 'പേപ്പട്ടി എന്നു വിളിച്ചു' എന്നു പറഞ്ഞു ബഹളമുണ്ടാക്കുന്നത് നിയമ പ്രശ്നത്തിൽ നിന്നു ശ്രദ്ധതിരിക്കാനാണ്; ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണ്. ലോകായുക്ത പരാതിക്കാരനെ 'പേപ്പട്ടി'യെന്നു വിളിച്ചിട്ടില്ല. അദ്ദേഹത്തിന്റെ സുഹൃത്തുക്കളും മാധ്യമങ്ങളും ചേർന്ന് ആ തൊപ്പി അദ്ദേഹത്തിന്റെ ശിരസ്സിൽ അണിയിച്ചതാണ്.

9. ഭയമോ പ്രീതിയോ സ്നേഹമോ ശത്രുതയോ ഇല്ലാതെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുമെന്ന് സത്യപ്രതിജ്ഞ ചെയ്തവരും അത് തെളിയിച്ചിട്ടുള്ളവരുമാണ് ലോകായുക്തയിലെ ജഡ്ജിമാർ. കക്ഷികളുടെ ആഗ്രഹവും താല്പര്യവും അനുസരിച്ചു ഉത്തരവിടാൻ അവരെ കിട്ടുകയില്ല.

17 -4 -2023

Sd/-

സക്കറിയാ മാത്യു

P.R.O, Kerala Lok Ayukta